"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സൈനിക ക്ഷേമ വകുപ്പ് -Ex Sepoy ശ്രീ. സതീഷ് കുമാർ കെ.പി.-യ്ക്ക് മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രെഫ് ക്ഷേമനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സൈനിക ക്ഷേമ (എ) വകുപ്പ്

സ.ഉ.(കൈ) നം.27/2023/SWD തീയതി,തിരുവനന്തപുരം, 01-11-2023

---

പരാമർശം:- 1. സ.ഉ.(പി) നം. 450/99/പൊ.ഭ.വ. തീയതി, 29.06.1999.

2. സൈനിക ക്ഷേമ ഡയറക്ടറുടെ 19.09.2022-ലെ B-6/CMSWF/309212/2023/DSW നമ്പർ കത്ത്.

<u>ഉത്തരവ്</u>

മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രെഫ് ക്ഷേമനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചുകിട്ടുന്നതിനായി Ex Sepoy ശ്രീ. സതീഷ് കുമാർ കെ.പി. അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയും അനുബന്ധരേഖകളും സൈനിക ക്ഷേമ ഡയറക്ടർ പരിശോധിക്കുകയും 27.12.2007-ന് ജമ്മു കാശ്മീരിൽ വച്ച് ഓപ്പറേഷൻ രക്ഷക് - ന്റെ ഭാഗമായി നിയോഗിച്ചിരിക്കെ മൈൻ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തെ തുടർന്ന് ശ്രീ സതീഷ് കുമാറിന്റെ ഇടതു കാൽമുട്ടിന് താഴ്ഭാഗം മുറിച്ച് മാറ്റേണ്ടിവന്നെന്നും പ്രസ്തുത അപകടത്തിൽ ടിയാന് 60% ശാരീരിക പരിമിതി സംഭവിച്ചിട്ടുള്ളതാണെന്നും അത്യാഹിതം ആട്രിബ്യൂട്ടബിൾ ടു മിലിട്ടറി സർവ്വീസ് ആയി അംഗീകരിച്ചിട്ടുള്ളതും ബാറ്റിൽ കാഷ്വാലിറ്റി ആയി പ്രഖ്യാപിച്ചിട്ടുള്ളതുമാണെന്നും റിപ്പോർട്ട് ചെയ്യുകയും ശ്രീ. സതീഷ് കുമാർ കെ.പി. -യ്ക്ക് ശാരീരിക പരിമിതിയ്ക്ക് ആനുപാതികമായി 2007-ൽ നിലവിലുണ്ടായിരുന്ന പരമാവധി സഹായധനമായ ഒരു ലക്ഷം രൂപയുടെ 60% (60,000/- രൂപ) തുക മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ്/ഗ്രെഫ് ക്ഷേമനിധിയിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

സൈനിക ക്ഷേമനിധിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പരാമർശം 1 ഉത്തരവിന്റെ

അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിച്ചു. അപേക്ഷകനായ ശ്രീ. സതീഷ് കുമാർ കെ.പി. -യ്ക്ക് ധനസഹായത്തിന് അർഹതയുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ പരിക്കേറ്റ Ex Sepoy ശ്രീ. സതീഷ് കുമാർ കെ.പി. -യ്ക്ക് മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രെഫ് ക്ഷേമനിധിയിൽ നിന്നും 60,000/- **രൂപ (അറുപതിനായിരം രൂപ മാത്രം)** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുക സൈനിക ക്ഷേമ നിധിയുടെ മെമ്പറും ട്രഷററുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.സതീഷ് കുമാർ.കെ.പി. -യ്ക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം വലിയവിള ശാഖയിലുള്ള **അക്കൗണ്ട് നം.** 30275235800 (IFSC Code : SBIN0008292) -ലേയ്ക്ക് ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ശ്രീ. സതീഷ് കുമാർ.കെ.പി., റ്റി.സി. 18/1225/4, രജനി നിവാസ്, ആരമട പി.ഒ., തൃക്കണ്ണാപുരം, തിരുവനന്തപുരം - 695 032.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 01-11-2023 12:00:04